പ്രവർത്തനങ്ങൾ തടയുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ജനമൈത്രി പോലീസ് ഇടങ്ങിയ വിഭാഗങ്ങളുടെ സഹായത്തോടെ, ക്രിയാത്മകമായ നിരീക്ഷണങ്ങളും നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മതസൗഹാർദ്ദം വളർത്തുന്നതിനും ജാതി-മത-വർഗ്ഗ-ലിംഗ ഭേദമെന്യേ ചിന്തിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സമൂഹത്തിൽ പലതരത്തിലുള്ള ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ബഹുസ്വര സംസ്കാര സ്വഭാവമുള്ള സമൂഹത്തിൽ ജാതി-മത വിദ്വേഷമുണ്ടായാൽ അക്രമവും ബലപ്രയോഗവും കൊലപാതകവും വരെ സംഭവിക്കാം. മറ്റ് മതസ്ഥർ വെറുക്കപ്പെടേണ്ടവരാണെന്ന് പഠിപ്പിക്കുന്ന ആളുകളെ സമൂഹത്തിൽനിന്ന് മാറ്റി നിർത്താൻ കേരള സമൂഹം ജാഗ്രതയോടെ കാവലിരിക്കണം. കേരളത്തിന്റെ മതസൗഹൃദ മാതൃക ഭാവി തലമുറയിലേക്ക് കൈമാറുന്ന രീതിയിലായിരിക്കണം നാം ഓരോരുത്തരും ജീവിക്കേണ്ടത്.

## (4) റവന്യൂ അദാലത്ത്

ശ്രീ. പി. ഉണ്ണി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കരിമ്പുഴ 1, 2 വില്ലേജുകളിലെയും സമീപ വില്ലേജുകളായ കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം, പൂക്കോട്ടുകാവ് എന്നിവിടങ്ങളിലെയും ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. റീസർവ്വേ നടപടികൾ പൂർത്തിയായപ്പോൾ സംഭവിച്ച പിഴവുകൾ കാരണം ധാരാളം പേർ ഭൂരഹിതരായി മാറിയിരിക്കുന്നു. സ്വന്തമായി വീടും സ്ഥലവും കൈവശമുണ്ടെങ്കിലും വില്ലേജ് രേഖകളിൽ അവരുടെ പേരോ ഭൂമിയോ ഇല്ല. ഈ തെറ്റുകൾ വരുത്തിയത് ആരായാലും അതിന്റെ ഫലം അനുഭവിക്കുന്നത് സാധാരണക്കാരായ ആളുകളാണ്. ഭൂമിയുടെ കൈവശാവകാശ രേഖകൾ ആവശ്യപ്പെട്ട് വില്ലേജ് ആഫീസിൽ ചെന്നാൽ വില്ലേജ് രേഖകളിൽ പേരോ സ്ഥലമോ ഇല്ലെന്നു പറഞ്ഞ് അധികാരികൾ സർട്ടിഫിക്കറ്റ് നൽകുന്നില്ല. അതുകാരണം പെൺമക്കളുടെ വിവാഹ ആവശ്യത്തിനുപോലും ഭൂമി പണയപ്പെടുത്തി ലോണെടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയാണ്. റീസർവ്വേ റിക്കോർഡുകളിൽ സർവ്വേ നമ്പരുകൾ ചേർക്കുന്നതിൽ അപാകത കടന്നുകൂടിയിരിക്കുന്നു; വിസ്തീർണ്ണത്തിൽ അപാകതകൾ കാണുന്നു; ചിലർക്ക് ഭൂമി തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. മിച്ചഭൂമിയായി കിട്ടിയ സ്ഥലം കാലാവധി കഴിഞ്ഞതിനുശേഷവും കൈമാറാൻ കഴിയാതെ സാധാരണക്കാരായ ആളുകൾ ബുദ്ധിമുട്ടുകയാണ്. അവരുടെ ഭൂമി ഇന്നും റവന്യൂ റിക്കോർഡുകളിൽ സർക്കാർ പുറമ്പോക്കെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി ഒറ്റപ്പാലം താലൂക്ക് കേന്ദ്രീകരിച്ച് റവന്യൂ ഉദ്യോഗസ്ഥർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ റവന്യൂ അദാലത്ത് നടത്തണം. അതിന്റെ തീയതി പ്രഖ്യാപിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പ്രത്യേകം അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഒറ്റപ്പാലം താലൂക്കിലെ കരിമ്പുഴ 1, 2, കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം എന്നീ വില്ലേജ് ഓഫീസുകളിൽ ഭൂനികുതി സ്വീകരിക്കാത്തതിനാലും ഭൂമി സംബന്ധമായ മറ്റു സർട്ടിഫിക്കറ്റുകൾ നൽകാത്തതിനാലും പൊതുജനങ്ങൾക്ക് ധാരാളം ദുരിതങ്ങളും പ്രയാസങ്ങളും ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിലെ റീസർവ്വേയിൽ വന്ന അപാകതകളാണ് ഭൂനികുതി സ്വീകരിക്കുന്നതിന് തടസ്സമായത്. സംസ്ഥാനത്തെ പല വില്ലേജുകളിലും റീസർവ്വേ പൂർത്തിയാകാത്തതിനാൽ വില്ലേജ് ഓഫീസർമാർ ഭൂനികുതി സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന ഈ ബുദ്ധിമുട്ട് പരിഗണിച്ച് റീസർവ്വേ നടപടികൾ പൂർത്തിയാക്കാത്ത എല്ലാ വില്ലേജുകളിലും നിലവിലുള്ള മുൻ സർവ്വേ നമ്പരിൽ കരം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ഭൂമിയുടെ അവകാശം സംബന്ധിച്ച് സംശയമുള്ള കേസുകളിൽ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിലും ഭൂമി പരിശോധന നടത്തിയും ഭൂനികുതി സ്വീകരിക്കാൻ എല്ലാ വില്ലേജ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂനികുതി സ്വീകരിക്കുന്നതിനും ഭൂമി സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നതിനും ഒറ്റപ്പാലം താലൂക്കിലെ തഹസിൽദാരെയും മേൽപ്പറഞ്ഞ വില്ലേജുകളിലെ വില്ലേജ് ആഫീസർമാരെയും വിളിച്ചുചേർത്ത് ഒരു റവന്യൂ അദാലത്ത് നടത്തുന്നതിനും പ്രസ്തുത അദാലത്തിൽ ഭൂനികുതി സ്വീകരിക്കുവാനും ഭൂമി സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതിനും ജില്ലാ കളക്ടറോട്- ആവശ്യപ്പെടുന്നതാണ്.

## (5) ഭൂമി സംബന്ധമായ വിഷയങ്ങൾ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഇടുക്കി ജില്ലയിലെ വിവിധങ്ങളായ ഭൂപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അർഹരായ മുഴുവൻ കൃഷിക്കാർക്കും പട്ടയം ലഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. വൈദ്യുതി, ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട് ഒരിക്കൽ ഭൂമി ഏറ്റെടുക്കുകയും പിന്നീട് ആ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തതിന്റെ ഭാഗമായി കൃഷിക്കാർക്ക് നഷ്ടപരിഹാരം ലഭിക്കാതിരിക്കുകയും പദ്ധതി നടക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അങ്ങനെയുള്ള ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ ജീവിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മാങ്കുളം പ്രദേശത്ത് ഭൂമി പതിച്ചു നൽകിയ കൃഷിക്കാർക്ക് അവ പതിറ്റാണ്ടുകളായിട്ടും അളന്നുതിരിച്ചു നൽകിയിട്ടില്ല. അത് അളന്നുതിരിച്ചു നൽകുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly